സംഘത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഉപഭോക്തൃ സംഘത്തിലെയും സ്വയം സഹായസംഘത്തിലെയും അംഗങ്ങളെയും ഇവയിൽ ഒന്നിലും അംഗമാകാതെ വാട്ടർഷെഡ് പ്രദേശത്ത് അവശേഷിക്കുന്ന കുടുംബങ്ങളെ പ്രതിനിധാനം ചെയ്യുന്ന മറ്റ് അംഗങ്ങളെയും ചേർത്ത് വാട്ടർ ഷെഡ് അസോസിയേഷൻ രൂപീകരിക്കുകയും സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. പ്രസിഡന്റിനെ തെരഞ്ഞെടുത്തശേഷം വാട്ടർഷെഡ് അസോസിയേഷൻ അതിന്റെ പ്രവർത്തന രൂപരേഖ സ്വയം തയാറാക്കുകയും വാട്ടർഷെഡിന്റെ വികസന പ്രവർത്തനങ്ങൾ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്.

ചാലക്കുടി നിയോജകമണ്ഡലത്തിലെ നായ മേലിത്തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

94 (1148) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നിയോജക മണ്ഡലത്തിലെ മേഴൂർ, കൊരട്ടി പഞ്ചായത്തുകളിലും അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി പഞ്ചായത്തിലുമായി വ്യാപിച്ചുകിടക്കുന്ന 1084 ഹെക്ടർ കൃഷിയിടത്തേക്ക് പ്രയോജനം ചെയ്യുന്ന നായ മേലിത്തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കും എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം വികസന പ്രവർത്തനങ്ങൾ ആണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ എന്തുതുക ചെലവ് വരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്.

(ബി) മണ്ണു സംരക്ഷണത്തിനാവശ്യമായ കോണ്ടൂർ ബണ്ടുകൾ, കോണ്ടൂർ ട്രെഞ്ചുകൾ, തോടിന്റെ പാർശ്വ സംരക്ഷണം, സ്ലൂയിസ്, റാമ്പ്, അഗ്രോ ഫോറസ്ട്രറി എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഇനങ്ങൾ.

(സി) 133 ലക്ഷം രൂപ.

(ഡി) 2005 മാർച്ച് 31-ന് മുമ്പ്.

LIBRARY ARCHIVES Kerala Legislative Assembly